# 03.01.2018 രാവിലെ 10.30-ന് സെക്രട്ടറിയറ്റ് അനക്സ് കോൺഫറൻസ് ഹാളിൽ കൂടിയ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ കൂടി പങ്കെടുത്ത അവലോകന യോഗത്തിന്റെ മിനിട്ട്സ്

2017-18 വാർഷിക പദ്ധതി അവലോകന യോഗം 03.01.2018-ന് രാവിലെ 10.30 മണിക്ക് സെക്രട്ടറിയേറ്റ് അനക്സ് II കോൺഫറൻസ് ഹാളിൽ വച്ച് കൂടി. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. യോഗ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി എക്സ്പെൻഡിച്ചർ 100% ആക്കുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്. ഇതിന് എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടെങ്കിൽ വിവരം ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, ജില്ലാ സാമൂഹ്യനീതി ഓഫീസുകൾ ശക്തിപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിന് ആവശ്യമായ പ്രൊപ്പോസലുകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ നൽകേണ്ടതാണ്.

3. മക്കളിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് മെയിന്റനൻസ് ട്രബ്യൂണൽ ഉത്തരവുണ്ടായിട്ടുള്ള വിഷയങ്ങളിൽ ഇങ്ങനെയുള്ള വൃദ്ധ ജനങ്ങൾക്ക് ധനസഹായം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

4. സർക്കാർ വൃദ്ധ സദനങ്ങൾക്കൊപ്പം സ്വകാര്യ വൃദ്ധ സദനങ്ങൾ കൂടി നിരീക്ഷണ വിധേയമാക്കണം.

5. 29.11.2017-ന് വൃദ്ധ സദന സൂപ്രണ്ട്മാരെ ഉൾപ്പെടുത്തി സെക്രട്ടറി വിളിച്ച യോഗത്തിന്റെ മിനിട്ട്സിലെ നിർദ്ദേശത്തിന് മേൽ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്ത ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ (ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, പാലക്കാട്, വയനാട്, എറണാകുളം) റിപ്പോർട്ട് അടിയന്തിരമായി നൽകേണ്ടതാണ്.

AN

6. ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടില്ലാത്ത ജില്ലാ ഓഫീസർമാർ അടിയന്തിരമായി ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

7. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനുള്ള ചുമതല അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കാണ്. നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കെട്ടിടങ്ങളുടെ വർക്കുകൾ മോണിറ്റർ ചെയ്ത് അപാകതകൾ ഉണ്ടെങ്കിൽ ആയത് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

8. പുതുതായി നിർമ്മാണം ആരംഭിക്കേണ്ട കെട്ടിടങ്ങളുടെ പ്ലാനിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് സ്ഥാപന സൂപ്രണ്ടും, ജില്ലാ സാമൂഹ്യനീതി ഓഫീസറും ഡയറക്ടറുടെ ശ്രദ്ധയിൽകൊണ്ട് വരേണ്ടതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് മുൻപ് ഈ കാര്യം ശ്രദ്ധിക്കേണ്ടതാണ്. Construction details നിശ്ചിത പ്രൊഫോർമയിൽ ഒരാഴ്ചയ്ക്കകം ഡയറക്ടർക്ക് നൽകേണ്ടതാണ്.

9. വികലാംഗർക്കുള്ള തുല്യത പഠന പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് റിപ്പോർട്ട് എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും നൽകേണ്ടതാണ്.

10. വിദ്യാജ്യോതി, വിദ്യാ കിരണം പദ്ധതികളിൽ ധാരാളം അപേക്ഷകൾ ലഭിച്ചിട്ടുള്ള സാഹചര്യത്തിലും അനുവദിച്ച ഫണ്ട് പര്യാപ്തമല്ലാത്ത സാഹചര്യത്തിലും ലഭിച്ച അപേക്ഷകൾ priority നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശം ഡയറക്ടറേറ്റ് തലത്തിൽ നൽകേണ്ടതാണ്.

11. RPWD Act Training നടത്തിയിട്ടില്ലാത്ത ജില്ലാ ഓഫീസർമാർ Training നടത്തുന്നതിന് തീയതി ഉടൻ തന്നെ നിശ്ചയിക്കേണ്ടതും Training പൂർത്തീകരിക്കേണ്ടതുമാണ്.

12. എറണാകുളം ജില്ലയിലെ എടവനക്കാട് പണി പൂർത്തിയായ ഡിമെൻഷ്യ സെന്റർ തുറന്ന് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

13. Blind ആയിട്ടുള്ള അമ്മമാർക്കുള്ള ധനസഹായ പദ്ധതി പ്രകാരം fund requirement ഫെബ്രുവരി 15-ന് മുൻപായി ജില്ലാ ഓഫീസർമാർ നൽകേണ്ടതാണ്.

AN

14. 'Street Light' പദ്ധതി പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി ഡയറക്ടറേറ്റ് തലത്തിൽ മീറ്റിംഗ് വിളിക്കേണ്ടതാണ്.

15. 'After Care Programme for victims of violence' എന്ന ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയിൽ തുക വിനിയോഗം വളരെ കുറവാണ്. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും ബന്ധപ്പെട്ട ഓഫീസർമാരുമായി ഈ പദ്ധതി റിവ്യൂ ചെയ്ത് റിപ്പോർട്ട് നൽകേണ്ടതാണ്.

16. നാഷണൽ ട്രസ്റ്റ് ആക്ടിനു കീഴിൽ ലീഗൽ ഗാർഡിയൻഷിപ്പ് നൽകുന്നതുമായി ബന്ധപ്പെട്ട് ധാരാളം അപേക്ഷകൾ ജില്ലാ കളക്ടറേറ്റുകളിൽ കെട്ടിക്കിടക്കുന്നുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർ ജില്ലാ കളക്ടറുമായി ചർച്ച ചെയ്ത് അപേക്ഷകൾ സമയ ബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ച് 2018 ഫെബ്രുവരി 15 നകം റിപ്പോർട്ട് നൽകേണ്ടതാണ്.

17. 'Psychosocial Programme for mentally ill' പദ്ധതി പ്രകാരമുള്ള ഗ്രാന്റ് ഇൻ എയ്ഡ് അപേക്ഷകൾ 2018 ഫെബ്രുവരി 15-ന് മുൻപായി ഫണ്ട് റിലീസിനായി ഡയറക്ടറേറ്റിൽ നൽകേണ്ടതാണ്.

18. മിശ്ര വിവാഹിതർക്ക് ധനസഹായം നൽകുന്നതിനായുള്ള pending അപേക്ഷകളുടെ സമാഹൃത ലിസ്റ്റ് (Bank account details ഉൾപ്പെടെ വിശദാംശങ്ങൾ ഉള്ളവ) എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും 2018 ഫെബ്രുവരി 15-ന് മുൻപ് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

19. ജില്ലാതല റിവ്യൂ മീറ്റിംഗിൽ KSSM/SID പ്രതിനിധികൾ പങ്കെടുക്കുന്നതിനുള്ള നടപടികൾ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിക്കേണ്ടതാണ്.

**സാമൂഹ്യനീതി ഡയറക്ടർ**

AN

LIST OF PARTICIPANTS

| Sl.No. | NAME | DESIGNATION |
|---|---|---|
| 1 | Sri. PB NOOH IAS | DIRECTOR OF SOCIAL JUSTICE |
| 2 | Sri.K.K. SURENDRAKUMAR | ADDITIONAL DIRECTOR |
| 3 | Smt.JALAJA | ASSISTANT DIRECTOR |
| 4 | Sri. RAJAN | DISTRICT SOCIAL JUSTICE OFFICER THIRUVANANTHAPURAM |
| 5 | Smt.SABEENA BEEGUM | DISTRICT SOCIAL JUSTICE OFFICER KOLLAM |
| 6 | Smt.SN SIVANYA | DISTRICT SOCIAL JUSTICE OFFICER KOTTAYAM |
| 7 | Smt.SULAKSHANA S | DISTRICT SOCIAL JUSTICE OFFICER THRISUR |
| 8 | Smt.L SHEEBA | DISTRICT SOCIAL JUSTICE OFFICER PATHANAMTHITTA |
| 9 | Smt.SOPHY JACOB | DISTRICT SOCIAL JUSTICE OFFICER IDUKKI |
| 10 | Smt.MEERA P | DISTRICT SOCIAL JUSTICE OFFICER PALAKKAD (IC) |
| 11 | Sri.PAVITHRAN THAIKUDU | DISTRICT SOCIAL JUSTICE OFFICER KANNUR (IC) |
| 12 | Sri. ABDULKAREEM PP | DISTRICT SOCIAL JUSTICE OFFICER WAYNAD |
| 13 | PREETHI WILSON | DISTRICT SOCIAL JUSTICE OFFICER ERNAKULAM |
| 14 | Smt.DENA BHARATHAN P | DISTRICT SOCIAL JUSTICE OFFICER KASARGOD |
| 15 | Smt.ANITHA S LIN | DISTRICT SOCIAL JUSTICE OFFICER ALAPUZHA |
| 16 | Sri.SUBHASH KUMAR | DISTRICT SOCIAL JUSTICE OFFICER MALAPURAM |
| 17 | Sri.PARAMESWARAN P | DISTRICT SOCIAL JUSTICE OFFICER KOZHIKODU(IC) |

## വകുപ്പിന്റെ കീഴിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ജില്ലാ ഓഫീസർമാർ സമർപ്പിക്കേണ്ട പുരോഗതി റിപ്പോർട്ട്

ജില്ല:.................................................................

| ക്രമ നം. | ഏത് സ്ഥാപനം/ ഓഫീസ് കെട്ടിടം | ഭരണാനുമതി ഉത്തരവ് | അടങ്കൽ തുക | ഏജൻസി | നിലവിലെ അവസ്ഥ | പണി പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്ന തീയതി. | ഡയറക്ടറേറ്റ് തലത്തിൽ നടപടി സ്വീകരിക്കേണ്ടതുണ്ടോ?/ ഉണ്ടെങ്കിൽ വിശദമാക്കുക | അഭിപ്രായം |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

ഒപ്പ്